പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2983 — 28.01.2014-ലെ മറുപടിക്ക്.

## കൊയിലാണ്ടി മണ്ഡലത്തിലെ ഗ്രന്ഥശാലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഗ്രന്ഥശാലാ സംഘം അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര ഗ്രന്ഥശാലകൾ/ വായനശാലകൾ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉണ്ട് ; അത് എവിടെയെല്ലാമാണ് ; അവ സ്ഥിതി ചെയ്യുന്ന പഞ്ചായത്തുകൾ, ഗ്രന്ഥശാലകളുടെ പേര്, അതാത് സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേരും വിലാസവും സഹിതം വ്യക്തമാക്കാമോ ; | : എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ലൈബ്രറികളെ ഭരണപരമായ സൗകര്യാർത്ഥം ജില്ലാ ലൈബ്രറി, താലൂക്ക് ലൈബ്രറി എന്നിങ്ങനെയാണ് വിഭജിച്ചിരിക്കുന്നത്. നിയമസഭാ മണ്ഡലം തിരിച്ചോ പഞ്ചായത്ത് തിരിച്ചോ ലൈബ്രറികളെ വിന്യസിച്ചിട്ടില്ല. കൊയിലാണ്ടി നിയോജക മണ്ഡലമുൾപ്പെടുന്ന കൊയിലാണ്ടി താലൂക്കിൽ 169 ഗ്രന്ഥശാലകളുണ്ട്. കൊയിലാണ്ടി താലൂക്കിലെ **2013-14** വർഷം ഗ്രാന്റിനർഹതയുള്ള ഗ്രന്ഥശാലകളുടെ പട്ടിക അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| ബി) ഈ ഗ്രന്ഥശാലകൾക്ക് ഓരോന്നിനും 2006-2007 മുതൽ 2012-13 വരെ വർഷങ്ങളിൽ എന്ത് തുക വിവിധയിനം ഗ്രാന്റുകളിലായി ലഭിച്ചിട്ടുണ്ട് എന്നത് വർഷം തിരിച്ച് വ്യക്തമാക്കാമോ ; | : (ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) ഇക്കാലയളവിൽ ഓരോ ഗ്രന്ഥശാലയും ചെലവഴിച്ച തുക എത്രയെന്ന് ഓരോ ഗ്രന്ഥശാലയുടേതും പ്രത്യേകം പ്രത്യേകം വർഷം തിരിച്ച് വ്യക്തമാക്കാമോ ; | : (സി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

(ഡി) ഗ്രന്ഥശാലാ സംഘം നിർദ്ദേശങ്ങൾ അനുസരിച്ച് വായനശാലകളിൽ ഭരണസമിതി രൂപീകരിക്കേണ്ടത് എപ്രകാരമെന്നും ഇതിനാസ്പദമായ നിയമാവലികൾ എന്തെല്ലാമെന്നും പകർപ്പ് സഹിതം വ്യക്തമാക്കാമോ ?

: (ഡി) കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥശാലാ നിയമാവലിയിൽ പേജ് 12 മുതൽ 29 വരെ ചേർത്തിട്ടുള്ള സബ് റൂളിലാണ് ഇക്കാര്യങ്ങൾ.
കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ചട്ടങ്ങൾ 1991-ലെ അദ്ധ്യായം 2 ചട്ടം 4-ൽ എൽ ഉപവകുപ്പിന്റെ വിശദമായ നടപടി ക്രമങ്ങളാണ് ഈ സബ് റൂൾസ്.
പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്